# **<u>ക്വട്ടേഷൻ നിബന്ധനകൾ</u>**

ക്വട്ടേഷൻ നോട്ടീസ് നം.എ.ഡി.ബി.3/3/ വേസ്റ്റ് പേപ്പർ /20-21/ഭരണം തീയതി 13.11.2020

1). രജിസ്ടേഡ് തപാൽ മാർഗ്ഗമോ നേരിട്ടോ, **എസ്റ്റേറ്റ് ഓഫിസർ, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം – 686 560** എന്ന വിലാസത്തിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി **25.11.2020. 2.00 p.m.** ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി **10000/– രൂപ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.**

2).ക്വട്ടേഷൻ അടക്കം ചെയ്ത കവറിൽ "വേസ്റ്റ് പേപ്പർ നവംബർ 2020" എന്ന് രേഖപ്പെടുത്തണം. **ക്വട്ടേഷനുകൾ തുറക്കുന്ന തീയതിയും സമയവും: 25.11.2020 2.30 p.m**

3)രേഖപ്പെടുത്തുന്ന വില യൂണിവേഴ്സിറ്റിക്ക് ലാഭകരമായി ബോദ്ധ്യപ്പെടാത്ത പക്ഷം ആ ഇനത്തിലെ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതാണ്. ക്വട്ടേഷൻ ഉറപ്പിക്കുന്നതുൾപ്പെടെയുള്ള എല്ലാ കാര്യത്തിലും സർവ്വകലാശാലയുടെ തീരുമാനം അന്തിമമായിരിക്കും.

4)ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്നയാൾ വിൽപ്പനയ്ക്കുള്ള സാധനങ്ങൾ അറിയിക്കുന്നതനുസരിച്ച് യൂണിവേഴ്സിറ്റി ഓഫീസുകളിലെ ലഭ്യമായ സ്ഥലങ്ങളിൽ നിന്നു ഏതവസ്ഥയിലാണോ അങ്ങനെ ശേഖരിച്ച് ആയതിന്റെ **വിലയും, നിലവിലുള്ള നിരക്കിൽ വിൽപന നികുതിയും** അടച്ച് തീർത്ത് രസീത് വാങ്ങേണ്ടതും, അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽ, സാധനങ്ങൾ മാറ്റേണ്ടതുമാണ്.

5)ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി/വ്യക്തികൾ സർവകലാശാല നിർദേശങ്ങൾക്കനുസരിച്ച് സാധനം എടുക്കാതെ പിന്മാറുന്ന പക്ഷം പുനർവിൽപ്പനയിൽ ഉണ്ടാകാവുന്ന എല്ലാ നഷ്ടങ്ങൾക്കും ബന്ധപ്പെട്ട പാർട്ടി ഉത്തരവാദിയായിരിക്കുന്നതാണ്. നിരതദ്രവ്യം സർവകലാശാലാ ഫണ്ടിലേക്കു മുതൽ കൂട്ടുന്നതും നഷ്ടം വരുന്ന തുക കോടതിച്ചിലവുൾപ്പെടെ ഈടാക്കാനുള്ള നടപടി എടുക്കുന്നതും ആണ്.

6)ക്വട്ടേഷനുകൾ തുറക്കുന്ന തീയതി മാറ്റുന്നതിനോ ലഭിച്ച ക്വട്ടേഷനുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കുന്നതിനോ ഉള്ള അധികാരം നിർവഹകണ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കും.

7)പ്രത്യേക കാര്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലാതെയോ ഉറപ്പിച്ച ക്വട്ടേഷൻ റദ്ദാക്കുന്നതിനുള്ള അധികാരം സർവ്വകലാശാല രജിസ്ട്രാറിൽ നിക്ഷിപ്തമാണ്.

8) ക്വട്ടേഷൻ നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

**9)ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുമ്പ് സാധനങ്ങളുടെ സാമ്പിൾ കാണുന്നതിന് എ.ഡി.ബി 3 സെക്ഷനുമായി** ബന്ധപ്പെടാവുന്നതാണ്

10)ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ എ.ഡി.ബി.3 സെക്ഷനിൽ നിന്നും ലഭിക്കുന്നതാണ്.

**ഫോൺ :0481–2733308**

**ഒപ്പ്**

**എസ്റ്റേറ്റ് ഓഫിസർ**